**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2112** **16-03-2022 - ൽ മറുപടിയ്ക്ക്**

**കണ്ടിജന്റ്/കാഷ്വൽ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ സർവീസിൽ 10 വർഷത്തിലധികം സർവീസ് പൂർത്തിയാക്കിയ കണ്ടിജന്റ്/കാഷ്വൽ സ്വീപ്പർമാരെ വിസ്തീർണപരിധി കണക്കാക്കാതെ പാർട്ട് ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | സംസ്ഥാന സർക്കാർ സർവീസിൽ പത്തുവർഷത്തിലധികം സർവ്വീസ് പൂർത്തിയാക്കിയ കണ്ടിജന്റ് / കാഷ്വൽ സ്വീപ്പർമാരെ വിസ്തീർണ്ണ പരിധി കണക്കാക്കാതെ പാർട്ട് ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ച് ധനകാര്യവകുപ്പിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നിലവിലുള്ള ഉത്തരവുകൾ പ്രകാരം 25/11/2005 തീയതിയിൽ 100 ച.മീറ്ററിന് മുകളിൽ സ്വീപ്പിംഗ് ഏരിയ ഉള്ള ഓഫീസുകളിൽ തുടർച്ചയായി താത്കാലിക/കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത്. ആയതിനാൽ പത്ത് വർഷം ജോലി ചെയ്ത എല്ലാ കാഷ്വൽ സ്വീപ്പർമാരെയും സ്വീപ്പിംഗ് ഏരിയ പരിഗണിക്കാതെ പാർട്ട് ടൈം സ്വീപ്പർമാരായി സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് ഹൈക്കോടതി യുടെ ഒ.പി.നമ്പർ 38515/2002 (ഐ ) തീയതി 19-12-2002-ലെ വിധി നടപ്പാക്കുന്നതിൽ വന്ന കാലതാമസത്തിനുള്ള കാരണം എന്താണെന്നും ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ? | (ബി) | ബഹു. ഹൈക്കോടതിയുടെ ഒ.പി.നമ്പർ 38515/2002 (ഐ) ലെ 19/12/2002 ലെ വിധിയുടെ പകർപ്പും ഒർജിനൽ പെറ്റീഷനും വകുപ്പിൽ ലഭ്യമല്ല . ആയതിനാൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നും വിവരം ശേഖരിച്ച് പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ